


# എൽ പി തലം

## സ്കൂൾ അക്കാദമിക മാസ്റ്റർ  പ്ലാൻ

<u>2025-2026</u>

*ഗവ കെ വി എൽ പി എസ് തലയൽ*

വിദ്യാലയത്തിന്റെ പേര് : ഗവ കെ വി എൽ പി എസ് തലയൽ

ഉപജില്ല : ബാലരാമപുരം

വിദ്യാഭ്യാസ ജില്ല : നെയ്യാറ്റിൻകര

ജില്ല : തിരുവനന്തപുരം

വർഷം : 2025-2026

## ഉള്ളടക്കം

1.ആമുഖം

2.കാഴ്ചപ്പാട്

3.പൊതുലക്ഷ്യങ്ങൾ

4.വിഷയബന്ധമായ മാസ്റ്റർ പ്ലാൻ

5.പ്രോജക്ട്

6.ഉപസംഹാരം

# ആമുഖം

നെയ്യാറ്റിൻകര താലൂക്കിൽ ബാലരാമപുരം ഗ്രാമപഞ്ചായത്തിൽ 110 വർഷങ്ങൾക്കു മുമ്പ് ഒരു കുടിപ്പള്ളിക്കൂടമായി സ്ഥാപിതമായ സ്കൂളാണ് ഗ.കെ.വി.എൽ.പി.എസ് നലയൻ, കൃഷ്ണവിലാസം വഞ്ചിയൂർ പകുതിയിൽ എൽ.പി.സ്കൂൾ എന്നായിരുന്നു സ്കൂളിന്റെ ആദ്യപേര് 1905 ൽ ഈ സ്കൂൾ സർക്കാർ ഏറ്റെടുത്തു.

ആദ്യത്തെ പ്രഥമാധ്യാപകൻ ശ്രീ.കൃഷ്ണപിള്ള ആയിരുന്നു ഓലപ്പുരയായിരുന്നു പിൽക്കാലത്ത് ഓടിട്ടുകെട്ടിടമായി പ്രീപ്രൈമറിമുതൽ നാലാം ക്ലാസ്സുവരെ പ്രവർത്തിക്കുന്ന ഈ സ്കൂളിൽ 99 കുട്ടികളും പ്രഥമാധ്യാപിക ഉൾപ്പെടെ നാല് അധ്യാപകരും ഒരു പി.ടി.സി.എമ്മും ഒരു പാചക തൊഴിലാളിയും ഉണ്ട് പ്രീ പ്രൈമറിയിൽ ഒരു അധ്യാപികയും ഒരു ആയയും ഉണ്ട്.

അധ്യാനവർഷത്തിന്റെ ആരംഭത്തിൽ തന്നെ അധ്യാപകർ ഒരുമിച്ചു കൂടുകയും സ്കൂൾ കലണ്ടറും ക്ലാസ് കലണ്ടറും തയ്യാറാക്കുകയും ചെയ്യുന്നു.

ഒരു ഓഫീസ് റൂം നാല് ക്ലാസ് റൂം കമ്പ്യൂട്ടർ- ഇന്റർനെറ്റ് സൗകര്യം കുട്ടികൾക്കാവശ്യമായ ടോയ്‌ലറ്റ് സൗകര്യം എന്നീ ഭൗതിക സാഹചര്യങ്ങൾ നിലവിലുണ്ട്. കുട്ടികളുടെ കായിക വികസനത്തിന് അനുയോജ്യമായ കളിസ്ഥലത്തിന്റെ അഭാവം,ശരിയായ ജൈവവൈവിധ്യ ഉദ്യാനം എന്നിവ സ്കൂളിൽ കുട്ടികളുടെ പ്രവേശനത്തിന് പ്രയാസം നേരിടുന്നുണ്ട്. ബാലരാമപുരം ബി ആർ സിയുടെ ക്ലസ്റ്റർ സെന്റർ ആണ് ഈ സ്കൂൾ

ഈ വിദ്യാലയത്തിലെ പൂർവവിദ്യാർത്ഥികളിൽ പലരും സമൂഹത്തിൽ ഉന്നത സ്ഥാപനങ്ങളിൽ എത്തിച്ചേർന്നിട്ടുണ്ട്. ഈ വിദ്യാലയത്തിലെ പൂർവവിദ്യാർത്ഥിയും മുൻ ഗുജറാത്ത് ഡി.ജി.പിയുമായിരുന്ന ശ്രീ ശ്രീകുമാർ സാർ, ഇപ്പോഴും നമ്മുടെ സ്കൂളിന വേണ്ട സഹായം നൽകുകയും ചെയ്യുന്നുണ്ട് കൂടാതെ നാട്ടുകാരുടെയും ജനപ്രതിനിധികളുടെയും സഹായവും എല്ലായ്പ്പോഴും ഉണ്ട്

സ്കൂളിന്റെ പുരോഗതിക്കു വോണ്ടി കാര്യക്ഷമമായി പ്രവർത്തക്കുന്ന ഒരു ഒരു ഗ്രാമപഞ്ചായത്താണ് നമ്മുടേത് സ്കൂളിനാവശ്യമായ ഫർണിച്ചറുകൾ, കമ്പ്യൂട്ടറുകൾ, ലാപ്ടോപ്പ്, പ്രൊജക്റ്റർ എന്നിവ

ലഭ്യമാക്കിയത് ബാലരാമപുരം ഗ്രാമപഞ്ചായത്താണ് കുട്ടികൾക്ക് പഞ്ചായത്ത് പ്രഭാതഭക്ഷണം നൽകിവരുന്നു.

സ്കൂൾപരിമിതികൾക്കിടയിലും ചെറിയൊരു ജൈവവൈവിധ്യ ഉദ്യാനം നമ്മുടെ സ്കൂളിൽ തയ്യാറാക്കിയിട്ടുണ്ട്.

## *പരിമിതികൾ*

പുതിയ വിദ്യാഭ്യാസ പദ്ധതി അനുസരിച്ച് പഠന നിർവഹണത്തിന് ചില പരിമിതികൾ നിലവിലുണ്ട്. പ്രധാനമായും ഈ സ്കൂളിന്റെ സ്ഥലപരിമിതി തന്നെയാണ് നാല് ക്സാസ്റൂമുകളും ഓഫീസും മറ്റ് സൌകര്യങ്ങളും ഒക്കെ പ്രവർത്തിക്കുന്നത് 16 സെന്റ് സ്ഥലത്താണ്. കുട്ടികളുടെ ബഹുമുഖ വളർച്ചയാണ് വിദ്യാഭ്യാസം കൊണ്ട് ഉദ്ദേശിക്കുന്നതെങ്കിലും കുട്ടികൾക്ക് ആരോഗ്യ- കായിക വിദ്യാഭ്യാസം ലഭ്യമാക്കുന്നതിന് പൂർണമായും കഴിയാത്ത ഒരു സാഹചര്യമാണ് നിലനിൽക്കുന്നത് പരിമിതമായ സ്ഥല സൗകര്യങ്ങളിൽ ഒരു കളിസ്ഥലം ഇന്നും നമ്മുടെ സ്വപ്നമായിത്തന്നെ നിലനിൽക്കുന്നു.

ജൈവവൈവിദ്യ ഉദ്യാനം കൃഷി എന്നിവയുടെ നിർവഹണവും സ്ഥല പരിമിതി കാരണം നല്ല രീതിയിൽ സാധ്യമായിട്ടില്ല

ക്ലാസ്റൂമുകളിൽ പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ നടത്തുന്നതിനായി സയൻസ് ലാബ്, ഗണിത ലാബ്, മറ്റ് പഠനോപകരണങ്ങൾ എന്നിവ സ്ഥിരമായി ക്രമീകരിക്കുന്നതിലും ചില തടസ്സങ്ങൾ നേരിടുന്നു

## കാഴ്ചപ്പാട്

### സ്ഥലം കണ്ടെത്തൽ

സ്കൂൾ പി.റ്റി.എ, ജനപ്രതിനിധികൾ, തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ തുടങ്ങിയവരുടെ സഹായത്തോടെ സകൂളിൽ കുട്ടികൾക്ക് കളിക്കുന്നതിന് കളിസ്ഥലം നിർമിക്കുന്നതിനുവേണ്ടി സ്ഥലം കണ്ടെത്തുക

### കുട്ടികളുടെ എണ്ണം

കുട്ടികളുടെ എണ്ണം രണ്ടുവർഷം കൊണ്ട് 100 തികയ്ക്കാനുള്ള പരിശ്രമം നടത്തുക

### കെട്ടിടം

എസ്.എസ്.എ. പഞ്ചായത്ത്, ജനപ്രതിനിധികൾ, എന്നിവരുടെ സഹായത്താൽ പുതിയ കെട്ടിടത്തിനുള്ള ഫണ്ട് കണ്ടെത്തുക. കെട്ടിട നിർമ്മാണത്തിനുള്ള പ്രാഥമിക നടപടികൾ നടന്നു വരുന്നു.

### ഹൈടെക് സൗകര്യങ്ങൾ ഒരുക്കൽ

സുഗമമായ പഠനപ്രവർത്തനങ്ങൾ ഒരുക്കുന്നതിനുവേണ്ടി ഹൈടെക്, സ്മാർട്ട് ക്ലാസ്റൂം സൗകര്യങ്ങൾ ഒരുക്കുന്നതിന് പി.റ്റി.എ. എസ്.എസ്.എ, സന്നദ്ധസംഘടനകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരുടെ സഹായം തേടും

<u>പൊതുലക്ഷ്യങ്ങൾ</u>

1.സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.

2. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, അറബി ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.

3. 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കും.

4. വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങളൊരുക്കും.

5. ആധുനിക സാങ്കേതികവിദ്യാസാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ്സ്മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കും അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തും.

6. സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ്, തുടങ്ങിയവ ആധുനികവത്ക്കരിക്കും.

7. ഓരോ ടേമിലും കുട്ടികൾ നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച് രക്ഷിതാക്കൾക്ക് നൽകും. ഇതിനായി വ്യക്തിഗത പി.ടി.എ./കോർണർ പി.ടി.എ.കൾ എന്നിവ ചേരും.

8. ഒന്നാം ക്ലാസ്സ് മുതൽ 4 -ാം ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും അക്കാദമിക സപ്പോർട്ടിനായി പാഠഭാഗങ്ങൾക്കനുസൃതമായി വർക്ക്ഷീറ്റുകൾ എസ്. ആർ.ജി.യുടെ നേതൃത്വത്തിൽ ലഭ്യമാക്കും.

9. 'വിദ്യാലയ ഒരു പാഠപുസ്തകം' എന്നാശയം മുൻനിർത്തി അറിവുനിർമ്മാണ ഇടങ്ങളായി വിദ്യാലയ പരിസരങ്ങൾ മാറ്റും.

10. ആശയ പ്രകടനശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ തരത്തിൽ വിദ്യാ ലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. അപകർഷതാബോധം ഒഴിവാക്കി 'ആക്ടീവായ' വിദ്യാർത്ഥിസമൂഹത്തെ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തന ങ്ങൾ ഒരുക്കും.

11. ജൈവവൈവിധ്യകലവറയായി വിദ്യാലയത്തെ മാറ്റുക.

12. ഹരിതപെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ് മലിനജല നിർമ്മാർജ്ജനം തുടങ്ങിയവ കൃത്യമായി നടപ്പാക്കൽ.

13. ഹരിതസേന രൂപീകരിക്കൽ

14. കൃഷി, ഔഷധത്തോട്ടം, ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കു ന്നതിന് വിദ്യാർത്ഥി സംഘങ്ങൾ രൂപീകരിക്കൽ.

15.അനുയോജ്യമായ കളിസ്ഥലം ഒരുക്കൽ

## അക്കാദമിക നേട്ടങ്ങൾ

1.അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപക സമൂഹം.

2. ആധുനിക രീതിയിൽ നവീകരിച്ച ശിശു സൗഹൃദമായ കെട്ടിട സമുച്ചയം

3.'ഓരോ കുട്ടിയും ഒന്നാമനാണ്' പദ്ധതി കുട്ടികളുടെ കഴിവും അഭിരുചിയും പരിഗണിച്ച് പരിശീ ലനം ലഭ്യമാക്കുന്നു.

4., പ്രവൃത്തിപരിചയപഠനം, കായികപ ഠനം എന്നിവയ്ക്ക് പ്രത്യേക പരിശീലനം

5.പഠനത്തിൽ പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് പ്രത്യേക പിന്തുണ പ്രവർത്തനങ്ങൾ

6.പ്രത്യേക പരിഗണനയും പിന്തുണയും അർഹിക്കുന്നവർക്കുള്ള വ്യക്തിഗത സപ്പോർട്ട്

7.സർഗ്ഗാത്മക വേദികൾ, ആശയപ്രകടന വേദി കൾ, ജനാധിപത്യ വേദികൾ എന്നിവ പ്രോത്സാ ഹിപ്പിക്കുന്ന വിദ്യാലയം.

8.പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിൽ നടപ്പാക്കുന്നു.

9.കാർഷിക പ്രവൃത്തികൾ. ജൈവ വൈവിധ്യ അന്തരീക്ഷം എന്നിവ കുട്ടികൾക്ക് പ്രധാനം ചെയ്യൽ.

10.ഹൈടെക് ക്ലാസ്സ്മുറികൾ

# വിഷയബന്ധമായ മാസ്റ്റർ പ്ലാൻ

<u>ലക്ഷ്യങ്ങൾ</u>

## ഭാഷാ വികസനം

1. എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.

2. എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസ്സുകൾക്ക് അനുയോജ്യമാകുന്ന തര ത്തിലുള്ള ആശയവിനിമയശേഷി നേടി എന്നുറപ്പുവരുത്തുക.

3. കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.

4. സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.

5. ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.

6. ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യത കളെ പ്രയോജനപ്പെടുത്തുക.

7. മികച്ച വായനാശീലം വളർത്തുക.

## ഇംഗ്ലീഷ്

1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളേയും പ്രാപ്തരാക്കുക.

2. ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക.

3. സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.

4. സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.

5. സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക.

6. ആശയാവതരണ രീതിയിലൂടെ അടിസ്ഥാന ഭാഷാ ശേഷികൾ നേടാൻ സചിത്ര നോട്ട് ബുക്കിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുക

7.ക്ലാസ്സ് തല വായന മൂല,സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക.

8. ഹലോ ഇംഗ്ലീഷ് മാതൃകയിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കാൻ ആവശ്യമായ റിസോഴ്സുകൾ തയ്യാറാക്കാനായി രക്ഷിതാക്കളുടെ സഹായത്തോടെ നിർമാണ വർക്ക് ഷോപ്പുകൾ ആസൂത്രണം ചെയ്യുക.

## ഗണിതപഠനം

വസ്തുകളെ സംഖ്യകളുപയോഗിച്ച് അപഗ്രഥിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുക എന്നതിനാണ് ഗണിതശാസ്ത്രപഠനത്തിൽ പ്രധാനമായു ഊന്നൽ നൽകുന്നത് ജീവിതത്തിന്റെ എല്ലാ മേഖലകളെയും ഗണിതശാസ്ത്രപഠനം വളരെയേറെ സ്വാധീനിക്കുന്നുണ്ട്. ഗണിതതിന്റെ സാധ്യതകെ ഉപയോഗപ്പെടുത്താതെ ഒരു ദിവസം പോലും കടന്നു പോകുന്നില്ല. ഗണിതശാസ്ത്രപഠനം ചിന്തയെ തെളിമയുള്ളതാക്കുകയും വസ്തുതകളെ ശാസ്ത്രീയമായി അപഗ്രഥിക്കാൻ സഹായിക്കുകയും ചെയ്യുന്നു. മറ്റു വിഷയങ്ങളുടെ പഠനത്തിൽ ഗണിതശാസ്ത്രം അഭിവാജ്യഘടകമായി മാറുകയും ചെയ്യുന്നുണ്ട്. അർഥപൂർണമായ ആശയ രൂപീകരണത്തിലൂടെ കുടടികളുടെ യുക്തിചിന്ത വികസിപ്പിക്കുന്ന ഗണിതപഠന സമീപനമാണ് നാം സ്വീകരിച്ചിരിക്കുന്നത്. ഗണിതപഠനത്തിന്റെ ഉള്ളടക്കം ദൈനംദിന പ്രശ്നങ്ങൽ പരിഹരിക്കാൻ പര്യാപ്തമാകുന്നതും മറ്റു വിഷയങ്ങളുടെ പഠനത്തിൽ സഹായകമാകുന്നതും ആയിരിക്കണം

## ലക്ഷ്യങ്ങൾ

1.ദൈനംദിന ജീവിതപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗണിതത്തെ ഉപയോഗപ്പെടുത്തുക

2.മറ്റു വിഷയങ്ങളുടെ പഠനത്തെ സഹായിക്കുന്നതിനാവശ്യമായ ഗണിതശേഷികൾ നേടുക.

3.കുട്ടിയുടെ യുക്തിചിന്ത വികസിപ്പിക്കുന്തിന് ഉപയിക്തമാക്കുക.

4.പ്രശ്നപരിഹരണത്തിന് ശാസ്ത്രീയ സമീപനം സ്വീകരിക്കാൻ കുട്ടി കഴിവുനേടുക

5.ഗവേഷണപ്രനത്തനങ്ങളിൽ താൽപര്യമുണ്ടാക്കുക

6.വസ്തുതകളെ ഗമണിതാശയങ്ങൾ ഉവയോഗപ്പെടുത്തി അപഗ്രഥിക്കാനും വ്യാഖ്യാനിക്കാനുമുള്ള കഴിവു നേടുക

7.ഗണിതം ആസ്വദിക്കാൻ കഴിയുന്ന തലത്തിലേയ്ക്ക് കുട്ടിയെ വളർത്തുക

8.ബന്ധങ്ങൾ മനസ്സിലാക്കാനും കാര്യകാരണസഹിതം കഴിവുണ്ടാക്കുക വിശദീകരിക്കാനുമായുള്ള

9.കൃത്യതയോടും, സൂഷ്മതയോടും കാര്യങ്ങൾ ചെയ്യുന്നതിനും അതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിനും പര്യാപ്തരാക്കുക.

10.അമൂർത്തമായ ആശയങ്ങൾ കൈകാര്യം ചെയ്യാനും വിശദീകരിക്കാനും കഴിയുക. സർഗാത്മക ചിന്ത വളർത്തുക.

11.ഗണിതായശയങ്ങൾ വിശദീകരിക്കുന്നതിന് ഗണിത ഭാഷ വിശദീകരിക്കാൻ കഴിയുക.

12.വസ്തുതകളെ വിശകലനം ചെയ്ത് പൊതുതത്വങ്ങൾ രൂപീകരിക്കാനുള്ള കഴിവ് നേടുക.

13.ഗണിതപഠനത്തിൽ ഐ.സി.ടി സാധ്യതകൾ ഉപയോഗിക്കാൻ കഴിയുക.

## പരിസരപഠനം

മനുഷ്യൻ ഇന്നുവരെ നേടിയ അനുഭവങ്ങളുടെ ആകെ തുകയാണ് ശാസ്ത്രം കുട്ടി നേടിയ ഇത്തരം അനുഭവങ്ങളുടെ വെളിച്ചത്തിൽ കാഴ്ച, കേഴ്‌ലി, രുചി, സ്പർശം, ഗന്ധം ) കൂട്ടി ചുറ്റുപാടുകളെ അനുഭവിക്കുന്നു. സാമൂഹികവും ശാസ്ത്രീയവുമായ സമീപനത്തിൽ അധിഷ്ഠിതമായ ചുറ്റുപാടിനെ പുനർ നിർമ്മിക്കുന്നതിനുള്ള കഴിവ് നേടുക എന്നതാണ് പരിസരപഠനം കൊണ്ട് നാം ഉദ്ദേശിക്കുന്നത് .കുട്ടിയെ പരിസരവുമായി ബന്ധിപ്പിച്ചാൽ മാത്രമേ നമ്മുടെ ലക്ഷ്യം കൈവരിക്കാനാവൂ പരിസരപഠനം പ്രക്രിയാധിഷ്ഠിതമായിരിക്കണം. പ്രശ്നപരിഹാരത്തിന് അനുയോജ്യമായ വിവരങ്ങൾ ശേഖരിക്കുക ലഭിച്ചവിവരങ്ങൾ വിശകലനം ചെയ്യുക., നിഗമനത്തിൽ എത്തച്ചേരുക തുടങ്ങിയ ശേഷികൾ വികസിപ്പിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ നാം ക്ലാസ് റൂമിൽ നടത്തണം ക്ലാസ് മുറിയിൽ ഒതുങ്ങിനിൽക്കുന്നില്ല പരിസരപഠനം നിത്യ ജീവിത സന്ദർഭവുമായി ബന്ധപ്പെടുത്തിയാണ് ഇത് നടക്കേണ്ടത്. പരീക്ഷണം, നിരീക്ഷണം, വിവരശ്ഖരണം, നിർമാണം, താരതമ്യം ചെയ്യൽ, വർഗീകരണം അറിവിന്റെ പ്രയോഗം,, പരീക്ഷണം ആസുത്രണം ചെയ്യൽ അപഗ്രഥിച്ച നിഗമനത്തിലെത്തൽ, ചോദ്യങ്ങൾ ഉന്നയിക്കൽ തുടങ്ങിയ പ്രക്രിയാ ശേഷികൾ വികസിക്കുന്നതിന് അനുയേജ്യമായ പ്രവർത്തനങ്ങൾ നടക്കേണ്ടതുണ്ട്.

### പരിസരപഠന ലക്ഷ്യങ്ങൾ

1. കൗതുകം, ജിജ്ഞാസ, നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കജശ

2. ചുറ്റുപാടുകളെ ശാസ്ത്രീയമായി വ്യാഖ്യാനിക്കാൻ കഴിയുക.
   നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്ത് നിഗമനത്തിൽ എത്തിച്ചേരുകയും ചെയ്യുക.

3. പ്രകൃതി പ്രതിഭാസങ്ങളെ വിശകലനം ചെയ്യുക

4. ശാസ്ത്രത്തിന്റെ ദുരുപയോഗം തടയുക

5 പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക

.

6. ദൈനംദിന ജീവിതവുമായി പഠനത്തെ ബന്ധപ്പെടുത്തുക

7. മാനവികതയിൽ ഊന്നിയുള്ള ശാസ്ത്രാവബോധം വളർത്തുക

8. നാടിന്റെ നേട്ടങ്ങളിൽ അഭിമാനിക്കുക

9.ശാസ്ത്രനേട്ടങ്ങൾ സാമൂഹ്യനന്മയ്ക്കായി പ്രയോജനപ്പെടുത്തുക

# പ്രോജക്ട്

## ഗണിതം - ജീവിതം

2025-26 അക്കാദമിക വർഷം സ്കൂളിൻ്റെ തനതു പ്രവർത്തനമായി തെരഞ്ഞെടുത്തിരിക്കുന്നത് ഗണിതവും ജീവിതവും എന്ന പ്രവർത്തനമാണ്.കുട്ടികൾക്ക് നിത്യ ജീവിതവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ കൂടുതൽ മനസിലാക്കുന്നതിനു വേണ്ടി സ്കൂളിൽ ഓരോദിവസവും ഉച്ചഭക്ഷണത്തിനായി ഉപയോഗിക്കുന്ന സാധനങ്ങൾ അളന്നുനോക്കുകയും തൃക്കം, വില എന്നിവ ബുക്കിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു. തുടർന്ന് ഓരോ ആഴ്ചയിലും മസത്തിലും ആകെ തൂക്കം, വില എന്നിവ കാണത്തുന്നു. ഗണിത ക്ലബ്ബിൻ്റെ നേതൃമ്പത്തിലാണ് പ്രവർത്തനം നടത്തു ന്നത് ഓരോ ദിവസവും ഓരോ ക്ലാസുകാർക്ക് അവസത ത്തിൽ പങ്കാളിയാകുന്നതിന് അവസരം ലഭിക്കുന്നു.

## Mom@school

2024 - 2025 അക്കാദമിക വർഷത്തിൽ ബാലരാമപുരം ബി ആർ സി യുടെ തനത് പ്രവർത്തനമായ Mom@school നമ്മുടെ സ്കൂളിലാണ് നടപ്പിലാക്കിയത്.ഇതിലൂടെ ഒരു ദിവസം ഒരു അമ്മയ്ക്ക് സ്കൂളിൽ എത്തുന്നതിനും സ്കൂളിലെ മുഴുവൻ പ്രവർത്തനങ്ങളിലും പങ്കാളിയാകുന്നതിനും അവസരം ലഭിച്ചു. ഈ  പ്രവർത്തനം  2025-26 അക്കാദമിക വർഷവും തുടർന്നു പോകുന്നതിന് തിരുമാനിച്ചിട്ടുണ്ട്. സ്കൂളിന്റെ പേരിൽ Mom@School എന്ന പേരിൽ ഫേസ്ബുക്ക് പേജ് ഓപ്പൺ ചെയ്തിട്ടുണ്ട്. Mom ന്റെ പ്രവർത്തനങ്ങൾ ദിവസവും ഫേസ്ബുക്ക് പേജിൽ അപ്ലോഡ് ചെയ്യുന്നതാണ്

## ഉപസംഹാരം

ഗവ. കെ. വി. എൽ. പി. എസ്. തലയൽ സ്കൂളിന്റെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ദിശാ ബോധത്തോടെ തയ്യാറാക്കിയതാണ്. കുട്ടിയുടെ സർവ്വതോന്മുഖമായ വികാസ മാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർണ്ണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കും എന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്.
പഠനപ്രവർത്തനങ്ങൾക്ക് അനുബന്ധമായുള്ള ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും ജനപ്രതിനിധികളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായം കൊണ്ട് സ്കൂളിന് സാധിക്കും എന്ന വിശ്വാസത്തോടെയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. അതിന് കഴിയുമെന്ന ഉത്തമവിശ്വാസവും ഞങ്ങൾക്ക് ഉണ്ട്.